പതിമൂന്നാം കേരള നിയമസഭ

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. **737.**

13/06/2012 - ൽ മറുപടിയ്ക്ക്

## ആയുർവേദ ബിരുദാനന്തര കോഴ്സുകൾക്ക് പട്ടിക ജാതി/ പട്ടിക വർഗ്ഗം, പിന്നോക്ക വിഭാഗക്കാർക്കുള്ള സംവരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.റ്റി.എ.റഹീം | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ആയുർവ്വേദ ബിരുദാനന്തര കോഴ്സുകൾക്ക് കേരളത്തിൽ ആകെ എത്ര സീറ്റുകളാണുള്ളത്; | (എ) | ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലെ ആയുർവേദ കോളേജുകളിൽ ആയുർവേദ ബിരുദാനന്തര കോഴ്സുകൾക്ക് ആകെ 120 സീറ്റുകളാണുള്ളത്. |
| (ബി) | ഇതിൽ ഒ.ബി.സിയിൽപ്പെട്ട ഓരോ വിഭാഗത്തിനും എത്ര സീറ്റാണ് സംവരണം ചെയ്തിട്ടുള്ളത്; | (ബി) | 2011 ലെ പ്രോസ്പെക്ടസ് അനുസരിച്ച് താഴെപ്പറയും പ്രകാരം സംവരണം നൽകിയിട്ടുണ്ട്. |

| | |
|---|---|
| ഈഴവ | 3.00% |
| മുസ്ലീം | 2.00% |
| മറ്റ് പിന്നോക്ക ഹിന്ദു വിഭാഗം | 1.00% |
| ആംഗ്ലോ ഇന്ത്യൻസ് അല്ലാത്ത ലാറ്റിൻ കത്തോലിക്കർ | 1.00% |
| പിന്നോക്ക ക്രിസ്ത്യൻ വിഭാഗം | 1.00% |
| കുടുംബി | 1.00% |

| | | | |
|---|---|---|---|
| (സി) | കുടുംബി സമുദായത്തിന് നൽകിയിരിക്കുന്ന സംവരണം ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്; | (സി) | നിലവിൽ എല്ലാ കോഴ്സുകൾക്കും തുടർന്നുവരുന്ന സംവരണതോത് തന്നെയാണ് ഈ കോഴ്സുകൾക്കും കുടുംബി സമുദായം ഉൾപ്പെടെയുള്ള എല്ലാ സമുദായങ്ങൾക്കും നിശ്ചയിച്ചിട്ടുള്ളത്. |
| (ഡി) | മൊത്തം പട്ടികജാതി/പട്ടിക വർഗ്ഗം, പിന്നോക്ക വിഭാഗക്കാർക്കുള്ള സംവരണം 50% ഉയർത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ